## കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം ജില്ല – HIV ബാധിതരായ രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 4,50,000/- രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നം. **1054/2022/റവ.** തിരുവനന്തപുരം, തീയതി, 11.03.2022.

==================================================================================

പരാമർശം:- 1. 16.10.2020-ലെ സ.ഉ. (സാധാ) നം. 3170/2021/റ.വ., നമ്പർ ഉത്തരവ്

2. കൊല്ലം ജില്ലാകളക്ടറുടെ 22.02.2022-ലെ N7-241846/2020 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എച്ച്.ഐ.വി. ബാധിതരായ രോഗികൾക്ക് ഓരോ ആറ് മാസം കൂടുന്തോറും 6,000/- രൂപ വീതം അനുവദിക്കുവാൻ ഉത്തരവായിരുന്നു. കൊല്ലം ജില്ലയിലെ HIV ബാധിതരായ രോഗികൾക്ക് 6,000/- രൂപ വീതം അനുവദിക്കുന്നതിന് ആകെ 4,50,000/- രൂപ (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിക്കണമെന്ന് കൊല്ലം ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. ഈ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ HIV ബാധിതരായ രോഗികൾക്ക് 6,000/- രൂപ വീതം അനുവദിക്കുന്നതിന് 4,50,000/- രൂപ (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 4,50,000/- രൂപ (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്ത് ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല. എം.
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, കൊല്ലം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

...2/-

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.